മലയാള മനോരമ
ESTABLISHED 1888
16 December 2017



സിഎംഎഫ്ആർഐയിൽ നടന്ന ശിൽപശാല ഡയറക്ടറേറ്റ് ഓഫ് നോളജ് മാനേജ്മെന്റ് ഇൻ അഗ്രികൾച്ചർ ഡയറക്ടർ ഡോ. എസ്.കെ. സിങ് ഉദ്ഘാടനം ചെയ്യുന്നു.

# വിവര-വിനിമയ സാങ്കേതിക വിദ്യാ ശിൽപശാല നടത്തി

കൊച്ചി • ഇന്ത്യയിലെ കാർഷിക ഗവേഷണ രംഗത്ത് ഐസിടി (വിവര-വിനിമയ സാങ്കേതിക വിദ്യ) പ്രോത്സാഹിപ്പിക്കണമെന്ന് ആവശ്യം. ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസിഎആർ) കൺസോർഷ്യം ഓഫ് ഇ-റിസോഴ്സസ് ഇൻ അഗ്രികൾച്ചർ (സെറ) എന്ന ഓൺലൈൻ ലൈബ്രറി സംവിധാനത്തെക്കുറിച്ചുള്ള സിഎംഎഫ്ആർഐയിൽ നടന്ന ശിൽപശാലയിലാണ് നിർദേശമുയർന്നത്.

ദക്ഷിണ മേഖലാ സംസ്ഥാനങ്ങളായ ആന്ധ്രപ്രദേശ്, തെലങ്കാന, കർണാടക, തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ഐസിഎആർ ഗവേഷണ സ്ഥാപനങ്ങളിലെയും കാർഷിക സർവകലാശാലകളിലെയും ലൈബ്രേറിയൻമാർ പങ്കെടുത്തു.

ഐസിഎആറിന് കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് നോളജ് മാനേജ്മെന്റ് ഇൻ അഗ്രികൾച്ചർ ഡയറക്ടർ ഡോ. എസ്.കെ. സിങ് ഉദ്ഘാടനം ചെയ്തു. എസ്.കെ. ജോഷി, സിഎംഎഫ്ആർഐ ക്രസ്റ്റേഷ്യൻ ഡിവിഷൻ മേധാവി ഡോ. ജി. മഹേശ്വരുഡു, ലൈബ്രറി സയന്റിസ്റ്റ് ഇൻ ചാർജ് ഡോ. കെ.എസ്. ശോഭന, ലൈബ്രറി ഓഫിസ് ഇൻചാർജ് പി. ഗീത എന്നിവർ പ്രസംഗിച്ചു.